I/101585/2023

## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- **ആ.വ.ഡ-ജീവനക്കാര്യം- സ്പോർട്സ് ക്വാട്ട നിയമനം - ക്ലർക്കിന്റെ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് - നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം:- 1. കേരളാ ഗവണ്മെന്റ് സെക്രട്ടേറിയേറ്റിലെ പൊതുഭരണ (സർവ്വീസ് ഡി) വകുപ്പിന്റെ 11/09/2023 തീയതിയിലെ സ.ഉ (കൈ) നം.144/2023/GAD നമ്പർ ഉത്തരവ്.

2. സർക്കാർ കത്ത് നമ്പർ.Health−M1/417/2023−Health തീയതി. 27/10/2023.

3. ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ.

**ഉത്തരവ് നം : DHS/17834/2023-ED1 തിയതി : 02-11-2023**

മികച്ച കായിക താരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലെ അവശേഷിക്കുന്ന ഒഴിവുകളിലേക്ക് 41 കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായി ക്ലർക്ക് തസ്തികയിൽ (26500-60700 രൂപ ശമ്പള സ്കെയിലിൽ) 41 താൽക്കാലിക തസ്തികകൾ സൃഷ്ടിക്കുന്നതിനു അനുമതി നൽകി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ ഭാഗമായി ആരോഗ്യവകുപ്പിൽ 8 ഉദ്യോഗാർത്ഥികളെ ക്ലർക്ക് തസ്തികയിൽ താൽക്കാലികമായി നിയമിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിൽ നിയമനം അനുവദിക്കപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗാർത്ഥികളെ അവരുടെ സ്വന്തം ജില്ലകളായ കോഴിക്കോട്, മലപ്പുറം, പാലക്കാട്, കോട്ടയം, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ആരോഗ്യ

I/101585/2023

സ്ഥാപനങ്ങളിൽ താൽക്കാലിക ക്ലർക്ക് തസ്തിക സൃഷ്ടിച്ച് 26500 - 60700 രൂപ ശമ്പള സ്കെയിലിൽ ക്ലർക്ക് തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No. | Name and address of the Candidate | Discipline | Station Posted |
|---|---|---|---|
| 1 | **SHAFEEQUE P.K.**<br>PALAKKANDIYIL HOUSE<br>KARANTHUR P.O<br>KUNNAMANGALAM VIA<br>KOZHIKKODE,<br>PIN - 673571 | SOFT BALL | **District Medical Office (Health)<br>Kozhikode,** |
| 2 | **NISAR K.E.**<br>KADAKULATH<br>ERUPPATHANKUZHY (H)<br>PUTHUR,<br>PALLIKKAL P.O. MALAPPURAM,<br>PIN - 673636 | SOF TBALL | **Government District Hospital,<br>Perinthalmanna,<br>Malappuram.** |
| 3 | **MUHAMMED FAZIL A.P.**<br>ARYANTE PURAKKAL,<br>NEDUVA P.O.<br>PARAPPANANGADI,<br>AMBADI NAGAR<br>MALAPPURAM,<br>PIN - 676303. | SOFT BALL | **District Medical Office (Health)<br>Malappuram,** |
| 4 | **NIHAD K.K.**<br>KUNDAN KADAVAN (H)<br>MURIKKAL ROAD<br>PALATHINGAL, ULLANAM P.O.<br>PARAPPANANGADI<br>MALAPPURAM,<br>PIN - 676303. | SOFT BALL | **Govt. Taluk Head Quarters Hospital,<br>Tirurangadi,<br>Malappuram** |

| | | | |
|---|---|---|---|
| 5 | **RADHIKA C.**<br>MURUKULI (H)<br>PALLASANA POST<br>PALAKKAD,<br>PIN - 678505 | AQUATICS | **District Medical Office (Health),<br>Palakkad,** |
| 6 | **LIBIYAMOL P. BABU**<br>PUTHUVATHRA HOUSE<br>PARIPPU P.O.<br>KOTTAYAM,<br>PIN - 686014. | AQUATICS | **District Medical Office (Health),<br>Kottayam,** |
| 7 | **ABHIJITH V.K.**<br>SARADHA BHAVAN<br>MACHEL POST MALAYINKEEZHU<br>THIRUVANANTHAPURAM,<br>PIN - 695571 | AQUATICS | **District Medical Office (Health)<br>Thiruvananthapuram,** |
| 8 | **LIMA MOHANLAL**<br>MOOKANCHERY HOUSE<br>PALLIPORT P.O.<br>PALLIPPURAM<br>ERNAKULAM,<br>PIN - 683515 | VOLLEY BALL | **District Medical Office (Health),<br>Ernakulam,** |

**3.** ഈ ഉത്തരവ് കൈപ്പറ്റി **15** ദിവസത്തിനകം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ചുവടെ പറയുന്ന അസ്സൽ രേഖകളും അവയുടെ ഒരു സെറ്റ് പകർപ്പുകളും സഹിതം സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് വിധേയമായി ജോലിയിൽ പ്രവേശിക്കുന്നതിന് ഹാജരാകേണ്ടതാണ്. ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരറിയിപ്പ് കൂടാതെ നിയമന ഉത്തരവ് റദ്ദാക്കുന്നതും മേൽ വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുന്നതുമാണ്.

I/101585/2023

1. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഒരു തിരിച്ചറിയൽ രേഖ.
2. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
3. സർക്കാർ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന അസിസ്റ്റന്റ് സർജൻ നൽകുന്ന ഫിസിക്കൽ ഫിററ്നസ് സർട്ടിഫിക്കറ്റ്.
4. സംസ്ഥാന സർവ്വീസിലെ 2 ഗസറ്റഡ് ഓഫീസർമാരിൽ നിന്നും സമ്പാദിച്ച നിശ്ചിത പ്രോഫോർമയിലുള്ള സ്വഭാവ സർട്ടിഫിക്കറ്റ്.
5. 6 മാസത്തിനകമുള്ള പാസ്സ്പോർട്ട് സൈസ് ഫോട്ടോ ( 2 Nos).
6. ബന്ധപ്പെട്ട കായിക ഇനത്തിൽ ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകൾ.

4. പരാമർശം (3) പ്രകാരം മേൽ പരാമർശിച്ച 8 ഉദ്യോഗാർത്ഥികളും സജീവ കായികരംഗത്ത് തുടരാൻ ആഗ്രഹിക്കുന്നവരല്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെടുന്ന താൽക്കാലിക തസ്തികകളുടെ കാലാവധി തൊട്ടടുത്ത റെഗുലർ ഒഴിവ് ഉണ്ടാകുന്നതു വരെയോ, പരമാവധി ഒരു വർഷമോ ആയിരിക്കും. താൽക്കാലിക തസ്തികളിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളെ വകുപ്പിൽ ക്ലർക്കിന്റെ റെഗുലർ തസ്തികയിൽ ഒഴിവ് വരുന്നമുറയ്ക്ക് നിർബന്ധമായും ആഗിരണം ചെയ്യേണ്ടതാണ്. ആയതിനാൽ മേൽപ്രകാരം നിയമനം ലഭിച്ചിട്ടുള്ള ജില്ലയിൽ അടുത്തുണ്ടാവുന്ന ഒഴിവ് ടി ഉദ്യോഗാർത്ഥികളെ ആഗിരണം ചെയ്യുന്നതിന് നീക്കി വയ്ക്കേണ്ടതും മേൽവിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്. **അപ്രകാരം റെഗുലർ തസ്തികളിലേക്ക് ആഗിരണം ചെയ്യപ്പെടുന്ന മുറയ്ക്ക് മേൽ പരാമർശിച്ച 8 താൽക്കാലിക തസ്തികകളും കാലഹരണപെടുന്നതുമായിരിക്കും.** താൽക്കാലിക തസ്തികളിൽ പ്രവേശിക്കുന്ന ഉദ്യോഗാർത്ഥികളെ റെഗുലർ നിയമനം ലഭിച്ചതിന് സമാനമായി തന്നെ കണക്കാക്കേണ്ടതും ഇവർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഇവർക്ക് എല്ലാ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളതും ആയിരിക്കും.

5. മേൽ നിയമനം 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ചട്ടം 10 (ii) അനുസരിച്ചാണ്. ടി ചട്ടത്തിലെ റൂൾ 9a(i) അനുസരിച്ച്

I/101585/2023

പ്രസ്തുത നിയമനം പൂർണ്ണമായും താൽക്കാലികവും ഉദ്യോഗാർത്ഥിയുടെ സ്വഭാവത്തെയും പൂർവ്വ ചരിത്രത്തെയും കുറിച്ചുള്ള അന്വേഷണത്തിന് വിധേയമാവുമായിട്ടായിരിക്കും. ആയവ തൃപ്തികരമല്ലെങ്കിൽ മുൻകൂട്ടി അറിയിപ്പില്ലാതെ ഈ നിയമനം അവസാനിപ്പിക്കാനുള്ള അധികാരം ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

**6.** ഈ ഉത്തരവ് പ്രകാരമുള്ള നിയമനം **2010 -2014** വർഷങ്ങളിലെ സർക്കാർ തലത്തിൽ സ്പോർട്സ് ക്വാട്ട നിയമനവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ / ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള കേസുകളിൽമേലുള്ള വിധിന്യായങ്ങൾക്ക് വിധേയമായിരിക്കും. തുടർ പരിശോധനയിൽ പരാമർശം **(1)** ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കണ്ടെത്തുകയാണെങ്കിൽ ഈ ഉത്തരവ് റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

**7.** ടി ഉദ്യോഗാർത്ഥികൾ നിയമനം ലഭിച്ച സ്ഥാപനങ്ങളിൽ പ്രവേശിക്കുന്ന വിവരം യഥാസമയം ഈ കാര്യത്തിൽ അറിയിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 02-11-2023 08:24:25

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗാർത്ഥിയ്ക്ക് (രജി. വിത്ത് എ.ഡി)

പകർപ്പ് :
**1.** ജില്ലാ മെഡിക്കൽ ഓഫീസർ (ആ) കോഴിക്കോട്, മലപ്പുറം, പാലക്കാട്, കോട്ടയം, തിരുവനന്തപുരം, എറണാകുളം

**2.** സൂപ്രണ്ട് ,ജില്ലാ ആശുപത്രി ,പെരിന്തൽമണ്ണ / താലൂക്ക് ഹെഡ് ക്വാർട്ടസ് ആശുപത്രി തിരൂരങ്ങാടി ,മലപ്പുറം

**4.** പ്രിൻസിപ്പൽ സെക്രട്ടറി ,ആരോഗ്യ കുടുംബക്ഷേമ വകുപ്പ്/ അഡിഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ (സർവ്വീസ് ഡി) വകുപ്പ് (ആമുഖ കത്ത് സഹിതം)

**5.** സ്റ്റോക്ക് ഫയർ/ സ്പെയർ